സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകൾ

25 (3771) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അൺഎയ്ഡഡ് സ്കൂളുകൾ ഉണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇത്രയും സ്കൂളുകളിൽ കൂടി എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

ജില്ല	ഹൈസ്കൂൾതലം വരെയുള്ളവർ	ഹയർ സെക്കന്ററി തലത്തിൽ
തിരുവനന്തപുരം	97	44
കൊല്ലം	61	25
പത്തനംതിട്ട	47	29
ആലപ്പുഴ	40	16
കോട്ടയം	57	28
ഇടുക്കി	26	15
എറണാകുളം	104	53
തൃശ്ശൂർ	68	45
പാലക്കാട്	64	30
മലപ്പുറം	144	71
കോഴിക്കോട്	48	34
വയനാട്	12	7
കണ്ണൂർ	52	27
കാസർഗോഡ്	44	15

സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ അൺ-എയ്ഡഡ് സ്കൂളുകൾ ഒന്നും തന്നെ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൈസ്കൂൾതലം വരെയുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ ആകെ 13949 അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഹയർ സെക്കന്ററി തലത്തിലെ വിവരം ലഭ്യമല്ല.

ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടി

26 (3772) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡഡ്, ഗവൺമെന്റ് ഹൈസ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾ വീതം പഠിക്കുന്നുണ്ട് ;

(ബി) ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കാനായി ഇംഗ്ലീഷ് ഭാഷയിൽ ബിരുദവും ബി.എഡും യോഗ്യതയുള്ള എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ;

(സി) തിരുവനന്തപുരം ജില്ലയിൽ ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് എച്ച്.എസ്.എ. മാരുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ഡി) ഇംഗ്ലീഷ് പാഠ്യരീതികളിലെയും ഇംഗ്ലീഷ് അദ്ധ്യാപക നിയമനത്തിലെയും അശാസ്ത്രീയതകളെയും അപാകതകളെയുംകുറിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) 1643 അദ്ധ്യാപകരെ.

(സി) 38 ഒഴിവുകൾ.

(ഡി&ഇ) ഇംഗ്ലീഷ് ഭാഷാപഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യം മുൻനിർത്തി സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 11/2002/പൊവിവ. തീയതി 7-1-2002 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ

27 (3773) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എയ്ഡഡ് മേഖലയിൽ ഹൈസ്കൂൾ മാത്രമുള്ള എത്ര സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly